MONDAY തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## Farm Information Bureau

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)20/11/2023

1. കേരളത്തിൽ നല്ല കാർഷിക മുറകളിലൂടെ ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ കേരള ഗ്രോ ബ്രാൻഡിൽ വിൽക്കാൻ വിപണന കേന്ദ്രം ആരംഭിക്കുന്നതിന് 10 ലക്ഷം രൂപ ധനസഹായം നൽകുന്നു. കർഷക കൂട്ടായ്മകൾ, കർഷക ഉത്പാദക സംഘടനകൾ, കൃഷിക്കൂട്ടങ്ങൾ, എൻജിഒകൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ എന്നിവയ്ക്കാണ് സഹായം നൽകുക. തങ്ങളുടെ ഉൽപ്പന്നങ്ങൾ കേരളാഗ്രോ ബ്രാൻഡ് ചെയ്യാൻ താല്പര്യം ഉള്ളവർക്കും വിശദവിവരങ്ങൾക്കായി കൃഷിഭവനുമായി ബന്ധപ്പെടുക.

2. കർഷകർക്ക് കൃഷി വകുപ്പിന്റെ എയിംസ് പോർട്ടൽ വഴി കൃഷി നാശനഷ്ടങ്ങൾക്ക് ധനസഹായത്തിനായി അപേക്ഷ സമർപ്പിക്കാം. അതിനായി എയിംസ് പോർട്ടലിൽ (www.aims.kerala.gov.in) ലോഗിൻ ചെയ്ത് കൃഷിഭൂമിയുടെയും, നാശനഷ്ടം സംഭവിച്ച കാർഷിക വിളകളെയും സംബന്ധിച്ച വിവരങ്ങൾ ചേർത്ത് കൃഷിഭവനുകളിലേക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് www.aims.kerala.gov.in, www.keralaagriculture.gov.in വെബ്സൈറ്റുകൾ സന്ദർശിക്കണം.

3. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാനകേന്ദ്രത്തിൽ ഒരു മാസം പ്രായമായ തലശ്ശേരി നാടൻ ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങൾ, തീറ്റപ്പുൽതണ്ട് എന്നിവയുടെ വിപണനം ആരംഭിച്ചു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 6282937809, 0466- 2912008, 2212279

4. ഡിസംബർ 5 ലോകമണ്ണ് ദിനമായി ആചരിക്കുകയാണ്."മണ്ണുംവെള്ളവുംജീവന്റെഉറവിടം"(Soil and Water a source of life) എന്നതാണ് 2023വർഷത്തെ മണ്ണ് ദിനത്തിന്റെ സന്ദേശമായിഐക്യരാഷ്ട്ര സംഘടന അംഗീകരിച്ചിരിക്കുന്നത്. മായിലോകമണ്ണ് ദിനത്തോടനുബന്ധിച്ച്മണ്ണ് പര്യവേക്ഷണ മണ്ണ്സംരക്ഷണ വകുപ്പ്സ്കൂൾ, കോളേജ്വിദ്യാർത്ഥികൾക്കായിവിവിധ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. **പെയിന്റിംഗ്, ഉപന്യാസ രചന( മലയാളം, ഇംഗ്ലീഷ്)** : 21.11.2023 ന് തിരുവനന്തപുരം പാറോട്ടുകോണത്തുള്ളസംസ്ഥാന സോയിൽമ്യൂസിയത്തിൽവച്ച് സംഘടിപ്പിക്കുന്നു. താത്പര്യമുള്ളവിദ്യാർത്ഥി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കൾ20.11.2023 5.00 Pmന് മുമ്പായി ഗൂഗിൾഫോം (https://forms.gle/gveDowikRXF5Kg2P8)) വഴിയോഇമെയിൽ (psc.csal@gmail.com) ഫോൺ (0471 2541776) നേരിട്ടോ പേരുകൾ രജിസ്റ്റർ ചെയ്യേ ണ്ടതും21.11.2023 ന് തിരുവനന്തപുരം പാറോട്ടുകോണത്തുള്ളസംസ്ഥാന സോയിൽമ്യൂസിയത്തിൽമേൽപറ ഞ്ഞിരിക്കുന്ന സമയത്ത്തിരിച്ചറിയൽരേഖയോടൊപ്പംഹാജരാകേണ്ടതുമാണ്.

പരിശീലന പരിപാടി

5. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാനകേന്ദ്രത്തിൽ ഇന്ന് (20.11.2023) രാവിലെ 10 മണി മുതൽ 1 മണി വരെ സൂക്ഷ്മജലസേചന പദ്ധതികൾ (ഡ്രിപ്പ്, സ്പ്രിങ്ക്ളർ etc.) എന്ന വിഷയത്തിൽ ഒരുപരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ 6282937809, 0466 2912008, 0466 2212279 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

6. മലപ്പുറം ജില്ലയിലെ -ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ നവംബർ 15 മുതൽ ഡിസംബർ 15 വരെ വിവിധ വിഷയങ്ങളിൽ കർഷക പരിശീലനങ്ങൾ സംഘടിപ്പിക്കുന്നു. മുട്ടക്കോഴി വളർത്തൽ, ഇറച്ചിക്കോഴി വളർത്തൽ, ഓമനപ്പക്ഷികളുടെ പരിപാലനം, പോത്തുകുട്ടി പരിപാലനം, തീറ്റപ്പുൽ കൃഷിയും സൈലേജ് നിർമ്മാണവും, കറവപ്പശു പരിപാലനം, കാടപ്പക്ഷി വളർത്തൽ, ഓമന മൃഗങ്ങളുടെ പരിപാലനം, ആട് വളർത്തൽ, താറാവ് വളർത്തൽ എന്നീ വിഷയങ്ങളിലാണ് പരിശീലനം. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ള കർഷകർ 0494-2962296എന്ന നമ്പരിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

7. കേരള കാർഷിക സർവ്വകലാശാലകമ്മ്യൂണിക്കേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ നവംബർ മാസത്തിൽ വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു. 21 ന് 'കൃത്യതാകൃഷിയും പച്ചക്കറി ഗ്രാഫ്റ്റിംഗും", 22 ന് "കായിക പ്രജനന മാർഗ്ഗങ്ങളും (ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ്, ലെയറിംഗ്) മാവിന്റെ പരിപാലനവും" , 28 ന് "കന്നുകാലി ഫാമുകളിലെ ജൈവമാലിന്യ സംസ്കരണവും ജൈവസുരക്ഷയും" (ചാണകത്തിൽ നിന്നുള്ള വിവിധതരം വളങ്ങൾ) , 29 ന് ശുദ്ധജലമത്സ്യകൃഷി- 29 പങ്കെടുക്കാൻ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

താല്പര്യമുള്ളവർ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10.00 മണിയ്ക്കും വൈകുന്നേരം 5 മണിയ്ക്കും ഇടയിൽ 0487-2370773 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

8. കേരള കാർഷിക സർവകലാശാല, നെല്ല് ഗവേഷണ കേന്ദ്രം, മങ്കൊമ്പ്, ആലപ്പുഴയിൽ നബാർഡ് ധന സഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയിൽ കൂൺ കർഷകർക്കായി പരിശീലന പരിപാടി സൗജന്യമായി 2023 നവംബർ 15 നും ഡിസംബർ 15 നും ഇടയിൽ നടത്തപ്പെടുന്നു. കൂൺ കൃഷി എന്നവിഷയത്തിൽ രണ്ടുദിവസത്തെയും, കൂൺ വിത്ല്പാദനം എന്നവിഷയത്തിൽ മൂന്നുദിവസത്തെയും പരിശീലനം നടത്തുന്നു. കൂൺ കൃഷിയിൽ കുറഞ്ഞത് രണ്ടു വർഷത്തെ പ്രായോഗിക പരിചയമുള്ള കർഷകർക്ക് കൂൺ വിത്ത് ഉൽപാദന പരിശീലന പരിപാടിയിൽ പങ്കെടുക്കാവുന്നതാണ്. പ്രായോഗിക പരിചയം തെളിയിക്കുന്നതിന് ബന്ധപ്പെട്ട കൃഷി ഓഫീസറിൽ നിന്നുമുള്ള സാക്ഷ്യപത്രം രജിസ്ട്രേഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ഓഫീസുമായി 0477 2702245 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടേണ്ടതാണ്. ഇമെയിൽ: rrsmancompu@kau.in

9. റബ്ബർപാലിന്റെ ഉണക്കത്തൂക്കം (ഡി.ആർ.സി.) നിർണയിക്കുന്നതിൽ റബ്ബർബോർഡ് നടത്തുന്ന ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് കോട്ടയത്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ (എൻ.ഐ.ആർ.റ്റി.) വെച്ച് നവംബർ 28 മുതൽ 30 വരെയുള്ള തീയതികളിൽ നടക്കും. താൽപര്യമുള്ളവർക്ക് https://bit.ly/3feCcVj എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് 0481 2353127, 7306464582 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാം.